നം. കെ.എസ്.എ.കെ.റ്റി.എം. പി.11/1515/2017 തീയതി 09.10.2017

# കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-11-16 മുതൽ 12.09.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 23-08-2017ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2017- 28.09.2017 |
| ഉദ്യോഗസ്ഥർ | ശ്രീ. സജി പി. ആർ., ഓഡിറ്റ് ഓഫീസർ<br>ശ്രീമതിലേഖ വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. മുഹസിൻ ഫൈസൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. രഞ്ജിത് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി. ബിന്ദു രവീന്ദ്രൻ | 01.04.2016-31.03.2017 |
| സെക്രട്ടറി | എ.കെ. ജയപ്രകാശ് | 01.04.2016 – 15.11.16 |
| | സോഫിയ മാത്യൂ (ഇൻ ചാർജ് ) | 16.11.2016 – 30.12.16 |
| | സാജൻ എം. ആർ | 31.12.2016 – 06.02.17 |
| | സോഫിയ മാത്യൂ (ഇൻ ചാർജ് ) | 07.02.2017 – 08.02.17 |
| | നാസ്സർ സി.എസ്. | 09.02.2017 – 31.03.17 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ , സി.എച്ച്.സി | ഡോ പ്രസൂൺ മാത്യൂ | 01.04.2016 - 31.03.2017 |
| അസിസ്റ്റന്റ് എൻജിനീയർ | അന്നമ്മ ജോൺ | 01.04.2016 - 31.03.2017 |
| അസിസ്റ്റന്റ് സെക്രട്ടി | സോഫിയ മാത്യൂ | 01.04.2016 - 31.03.2017 |
| കൃഷി ഓഫീസർ | എബ്രഹാം സ്കറിയ | 01.04.2016 - 31.03.2017 |
| വെറ്ററിനറി സർജൻ | ശ്രീമതി റോസ്മി | 01.04.2016 – 31.03.2017 |
| വി.ഇ.ഒ | സതീഷ് കുമാർ പി.എസ്. | 01.04.2016 - 31.03.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഗീത പി. കെ. | 01.04.2016 – 31.12.2016 |
| | മറീന തോമസ് | 01.01.2017 - 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സൂസൻ ജോസഫ് | 01.04.2016 – 31.03.2017 |

ഉള്ളടക്കം

| ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനത് വരുമാനം. | 1-7 |
| ക്ഷേമപദ്ധതികൾ | 1-8 |
| കാഷ് വെരിഫിക്കേഷൻ | 1-9 |
| ആഭ്യന്തരനിയന്ത്രണം | 1-10 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം | 1-12 |
| ഭാഗം 2 – വരവുകണക്കുകൾ | |
| വാർഷിക കണക്കുകളുടെ അവലോകനം | 2-1 |
| മൊബൈൽ ടവറുകളുടെ വസ്തുനികുതി നിയമാനുസൃതമായി കണക്കാക്കിയിട്ടില്ല | 2-2 |
| കെട്ടിടനികുതി കുടിശ്ശിക - പിരിച്ചെടുക്കുന്നതിൽ വീഴ്ച | 2-3 |
| ഭാഗം 3 – ചെലവുകണക്കുകൾ | |
| റോഡ് റീ ടാറിംഗ് പ്രവൃത്തികൾ – കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല | 3-1 |
| പ്ലാപ്പള്ളി ഗവ.എൽ.പി.എസ്. – അടിസ്ഥാനസൗകര്യ വികസനം – അപാകതകൾ | 3-2 |
| പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-3 |
| ഉറവിടമാലിന്യ സംസ്കരണം – പദ്ധതി പൂർത്തീകരിച്ചില്ല | 3-4 |
| ആയുർവേദാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-5 |
| ആശ്രയപദ്ധതി – ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല | 3-6 |
| ഇ.എം.എസ്.ഭവന നിർമ്മാണപദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-7 |
| പ്രവൃത്തിയുടെ പൂർത്തീകരണം/വിനിയോഗ വിശദാംശങ്ങളില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-8 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-9 |

| | |
|---|---|
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| ഓഡിറ്റ് സാക്ഷ്യപത്രം 2016-17 | അനുബന്ധം 1 |
| ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ | അനുബന്ധം 2 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം 3 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം 4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് പഞ്ചായത്ത് കമ്മറ്റിയുടെ 29.02.2016ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 2225657 | 5747521 | 3521864 | | +158.23 |
| വരവ് | 97618304 | 47871472 | | 49746832 | -50.96 |
| ആകെ | 99843961 | 53618993 | | 46224968 | -46.29 |
| ചെലവ് | 75939713 | 42951552 | | 32988161 | -43.44 |
| നീക്കിയിരിപ്പ് | 23904248 | 10667441 | | 13236807 | -55.37 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 01.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 26.09.2017 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5747521 |
| വരവ് | 47871472 |
| ആകെ | 53618993 |
| ചെലവ് | 42951552 |
| നീക്കിയിരിപ്പ് | 10667441 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7900276 | 7900276 | 6596140 | 1304136 | 83.49 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3691545 | | 1882966 | 1808579 | 51 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 765345 | | 401160 | 364185 | 52.41 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2714427 | | 2460046 | 254381 | 90.62 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | | 2554755 | | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4430871 | | 3347590 | 1083281 | 75.55 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2333518 | | 486841 | 1846677 | 20.86 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 133 | 92 | -- | 41 | 69 |

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| രൂപീകരണഘട്ടം | തീയതി |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 22.2.16, 22.6.16, 3.3.17 |

| | |
|---|---|
| ഊരുകൂട്ടങ്ങൾ | 17-10-16 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 28-2-2016 മുതൽ 2-3-2016 വരെ |
| വികസനസെമിനാർ | 22-6-2016 |
| ഭരണ/സാമ്പത്തികാനുമതി നമ്പർ | ഭരണസമിതിയുടെ 30-1-2017 33-ാം നമ്പർ |
| ജില്ലാആസൂത്രണസമിതി അംഗീകാരം | ഡിപിസിനം.490/16/ഡിപിസി/ഡിപിഒ കോട്ടയം തീ.24.5.17 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | ഗ്രാമസഭയുടെ 10-7-2016ലെ തീരുമാനം |
| പർച്ചേസ് കമ്മിറ്റി യോഗങ്ങൾ | 17.11.2016, 10.1.17 |

2016-17വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരെ ഏല്പിച്ചതും നിർവ്വഹണം നടത്തിയതുമായ പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | ചെലവ് |
|---|---|---|---|
| കൃഷിഓഫീസർ | 5 | 4 | 415235 |
| വെറ്ററിനറി സർജൻ | 6 | 6 | 1002650 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 3 | 2 | 304870 |
| വി.ഇ.ഒ | 10 | 8 | 902948 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 2513759 |
| സെക്രട്ടറി | 28 | 18 | 6604402 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 58 | 34 | 4895404 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 150,000 |
| ആകെ | 133 | 92 | 18660152 |

2016-17 വർഷത്തെ പദ്ധതി വിഹിതത്തിൽ 45,20,752/- രൂപ ഗ്രാമപഞ്ചായത്തിന് പദ്ധതി വിഹിതത്തിൽ നിന്നും ജലനിധി പ്രവർത്തനങ്ങൾക്കായി നൽകേണ്ടി വന്നിട്ടുണ്ട്. തൻമൂലം പല ജനപ്രിയ പ്രോജക്ടുകളും തൻ വർഷം ഒഴിവാക്കേണ്ടി വന്നു.

## 1-7 തനത് വരുമാനം

2015-16 വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 28.18 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2423491 | 3181490 | + 757999 | +31.27 |
| നികുതിയേതര വരവുകൾ | 218644 | 231069 | +12425 | +5.68 |
| മറ്റു വരവുകൾ | 75535 | 71170 | -4365 | -5.77 |
| ആകെ | 2717670 | 3483729 | 766059 | +28.18 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 92520 | 54 |
| കർഷകതൊഴിലാളി പെൻഷൻ | 1501790 | 180 |
| വിധവാപെൻഷൻ | 3942490 | 346 |
| വാർദ്ധക്യകാല പെൻഷൻ | 12638635 | 1450 |
| വികലാംഗ പെൻഷൻ | 1228485 | 146 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 267190 | 24 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2017 തീയതി 3.00 പി.എം.-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6394/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെയും 1250/- രൂപ ചെക്ക് കളക്ഷന്റെയും കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യ സ്റ്റേഷനറി, രസീതു ബുക്കുകൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൃത്യമായി പരിപാലിക്കുന്നുണ്ട്. വിവിധ നികുതി/ഫീസിനങ്ങളുടെ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് രജിസ്റ്ററിൽ ജീവനക്കാരുടെ പ്രതിദിന ഡ്യൂട്ടി വിവരം രേഖപ്പെടുത്തുന്നുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതിയുടെ വിവരശേഖരണം കൃത്യമായി ചെയ്യാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ കംപ്യൂട്ടറുകൾ, ഫർണിച്ചർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് ഒരു സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് പരിപാലിയ്ക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.09.17 | 08/2017 | റിപ്പോട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.05.2009-02.06.2009 | 2004-05 – 2008-09 | LBA(HQ)II/8A-1419/134/ 23.09.2009 |

## 1-12 ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ എന്നും ടി ഉത്തരവാദിത്തങ്ങളും ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചിട്ടുണ്ടോ എന്നും അതുവഴി പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചിട്ടുണ്ടോ എന്നും ഇപ്രകാരം ലഭിച്ച വരുമാനം കൃത്യമായി വിനിയോഗിച്ചിട്ടുണ്ടോ എന്നും കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും ഉറപ്പാക്കുന്നതിനുള്ള പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ളത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വിവിധ വരവിനങ്ങളുടെ അടിസ്ഥാന രേഖകൾ വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിറ്റ് ലക്ഷ്യങ്ങൾ പ്രാപ്തമായിട്ടുണ്ടോ എന്ന് വിലയിരുത്തുക എന്നതാണ് ഓഡിറ്റ് മാനദണ്ഡം.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

കൂട്ടിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷികധനകാര്യപത്രിക പ്രകാരമുള്ള പ്രസക്ത വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 73870595/- രൂപയും ആകെ ചെലവ് 76062488/- രൂപയും പ്രവർത്തനമിച്ചം (-) 1404197/- രൂപയുമാണ്.

2) റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) 53618993/- രൂപയും ആകെ ചെലവ് 42951552/- രൂപയുമാണ്.

3) 31.3.2017 ലെ നീക്കിയിരിപ്പ് 10667441/-രൂപയാണ്.

4) 31.3.2017 ആകെ ആസ്തിമൂല്യം 29302934/- രൂപയും ആകെ ബാദ്ധ്യത 9429233.35 രൂപയുമാണ്.

5) 31.3.2017 ആകെ ജനറൽ ഫണ്ട് 4206385.65 രൂപയാണ്.

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രിക പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ കൃത്യമായി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2) സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ എൻട്രി നടത്തിയത് കൃത്യമല്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി കണക്കുകൾ സഞ്ചയയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

3) എസ്.ബി.റ്റി വേലനിലം (വാട്ടർഷെഡ് ) അക്കൗണ്ടിൽ നിന്നും 31.10.16 ൽ നൽകിയിട്ടുള്ള 109922 രൂപയുടെ കാലഹരണപ്പെട്ട ചെക്ക് (നം 309671) 31.03 2017 ൽ പണമാക്കാത്ത ചെക്കായി കാണിച്ചിട്ടുള്ളത് ശരിയല്ല.

4) മുണ്ടക്കയം എസ്.സി.ബി. യിലെ 2660 നമ്പർ അക്കൗണ്ടിൽ ചെക്ക് നം 084170/23.8.16 പ്രകാരം നിക്ഷേപിച്ചിട്ടുള്ള 12500 രൂപ 31.03.17 ലും കളക്ഷൻ വന്നിട്ടില്ല എന്ന് കാണിച്ചിട്ടുള്ളത് ശരിയല്ല. താഴെ ചേർക്കുന്ന കാലഹരണപ്പെട്ട ചെക്കുകൾ 31.03.17 ലും പണമാക്കാത്ത ചെക്കുകളായിട്ടാണ് കാണിച്ചിട്ടുള്ളത്.

| ചെക്ക് നം /തീയതി | തുക |
|---|---|
| 7183/ 15.10.16 | 2400 |
| 8721/ 17.12.14 | 500 |

മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ ഖണ്ഡികയുടെ ആദ്യഭാഗത്ത് ചേർത്തിട്ടുള്ള 2016-17 വാർഷികധനകാര്യപത്രിക പ്രകാരമുള്ള പ്രസക്ത വിവരങ്ങളിൽ സാരമായ വ്യതിയാനം വരുന്നതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിയമാനുസൃതമായി കണക്കാക്കിയിട്ടില്ല.

കൂട്ടിക്കൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഒമ്പതു മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ടി ടവറുകളുടെ വസ്തു നികുതി കണക്കാക്കിയിട്ടുള്ളത് ക്രമപ്രകാരമല്ല. മൊബൈൽ ടവറുകൾക്കും അനുബന്ധ കെട്ടിടങ്ങൾക്കും ടവറുകൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ കൂട്ടിക്കൽ ഗ്രമപഞ്ചായത്ത് മൊബൈൽ ടവറുകൾക്ക് 480/- രൂപ നിരക്കിലും അനുബന്ധ കെട്ടിടങ്ങൾക്ക് ഇതര വ്യവസായങ്ങൾക്കുള്ള 50/- രൂപ നിരക്കിലുമാണ് കെട്ടിട നികുതി നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ ടി ഇനത്തിൽ പഞ്ചായത്തിന് ഭീമമായ നഷ്ടം ഉണ്ടായിട്ടുണ്ട്. നികുതി നിർണ്ണയിച്ച് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ടവർ (ച.മി) | നികുതി നിരക്ക് | വർദ്ധന % | ഈടാക്കിയ നികുതി | അനുബന്ധ കെട്ടിടം (ച.മി) | ഇളവ് % | വർദ്ധന | നികുതി നിരക്ക് | ഈടാക്കിയ നികുതി | ആകെ |
|---|---|---|---|---|---|---|---|---|---|---|
| ഭാരതി എയർടെൽ (V/4) | 40 | 480 | 20 | 23040 | 15.59 | 10 | 20 | 50 | 858 | 23898 |
| റിലയൻസ് കമ്മ്യൂണിക്കേഷൻ (iv/3) | 40 | 480 | 20 | 23040 | 14.5 | 10 | 20 | 50 | 798 | 23838 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഭാരതി ഇൻഫ്രാടെൽ (vii/70) | 50 | 480 | 20 | 28800 | 15.54 | 10 | 20 | 50 | 855 | 29655 |
| എസ്സാർ ടെലികോം (vi/546) | 50 | 480 | 20 | 28800 | 15 | 10 | 20 | 50 | 825 | 29625 |
| എസ്സാർ ടെലികോം (x/74) | 30 | 480 | 20 | 17280 | 15.06 | 10 | 20 | 50 | 829 | 18109 |
| റിലയൻസ് ടെലികോം (xi/216) | 60 | 480 | 20 | 34560 | 14.1 | 10 | 20 | 50 | 776 | 35336 |
| ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് (i/190) | 50 | 480 | 20 | 28800 | 15.54 | 10 | 290 | 50 | 855 | 29655 |
| ഐഡിയാ കമ്മ്യൂണിക്കേഷൻ (i/46) | 50 | 480 | 20 | 28800 | 41.77 | 10 | 20 | 50 | 2298 | 31098 |
| ഇൻഡസ് ടവേഴ്സ് | 71.6 | 480 | 20 | 41242 | 21.6 | 10 | 20 | 50 | 1188 | 42430 |

ടവറുകൾക്കും അനുബന്ധ കെട്ടിടങ്ങൾക്കും യഥാർത്ഥത്തിൽ ഈടാക്കേണ്ട നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ച.മീ | നിരക്ക് | വർദ്ധന | ഈടാക്കേണ്ട നികുതി | ആകെ ഈടാക്കിയത് | നഷ്ടം |
|---|---|---|---|---|---|---|
| ഭാരതി എയർ ടെൽ | 55.59 | 480 | 20 | 32020 | 23898 | 8122 |
| റിലയൻസ് കമ്മ്യൂണിക്കേഷൻ | 54.5 | 480 | 20 | 31392 | 23838 | 7554 |
| ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 65.54 | 480 | 20 | 37751 | 29655 | 8096 |
| എസ്സാർ ടെലികോം | 65 | 480 | 20 | 37440 | 29625 | 7815 |
| എസ്സാർ ടെലികോം | 45.06 | 480 | 20 | 25955 | 18109 | 7846 |
| റിലയൻസ് ടെലികോം | 74.1 | 480 | 20 | 42682 | 35336 | 7346 |
| ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 65.54 | 480 | 20 | 37751 | 29655 | 8096 |
| ഇൻഡസ് ടവേഴ്സ് | 71.6 | 480 | 20 | 41241 | 31428 | 9813 |
| ഐഡിയാ കമ്മ്യൂണിക്കേഷൻ | 91.77 | 480 | 20 | 52859 | 31098 | 21761 |
| ആകെ | | | | | | 86449 |

മേൽപറഞ്ഞിട്ടുള്ള ടവറുകളുടെ ഏരിയ കണക്കാക്കി വസ്തു നികുതി നിശ്ചയിച്ചതിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ട്. പഞ്ചായത്തിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിട നികുതി കുടിശ്ശിക -പിരിച്ചെടുക്കുന്നതിൽ വീഴ്ച

കുട്ടിക്കൽ ഗ്രാമ പഞ്ചായത്തിൽ കെട്ടിട നികുതി കുടിശ്ശികയായി 2526558/- രൂപ ലഭിക്കുവാനുണ്ട്. തനതു വരുമാനം നന്നേകുറവുള്ള പഞ്ചായത്തിൽ കെട്ടിട നികുതി ഇനത്തിൽ കുടിശ്ശികയായി ലഭിക്കുവാനുള്ള തുക പിരിച്ചെടുക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് റീ ടാറിംഗ് പ്രവൃത്തികൾ- കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.

2016-17 വർഷം കുട്ടിക്കൽ ഗ്രാമ പഞ്ചായത്തിൽ കരാറുകാർ വഴി നടപ്പാക്കിയ റോഡ് റീ ടാറിംഗ് പ്രവൃത്തികളിൽ താഴെ ചേർക്കുന്നവയുടെ ബില്ലിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.

| പ്രോജക്ട് നം/ പേര് | ചെലവഴിച്ച തുക രൂപ | ബിൽ നം/ തീയതി | കാലി വീപ്പയുടെ എണ്ണം/ വില |
|---|---|---|---|
| 22/17 ഗുരുമന്ദിരം കുപ്പ് റോഡ് മെയിന്റനൻസ് | 310266 | 30/16-17/ 30.3.17 | 19 എണ്ണം 19x268= 5092 രൂപ |
| 28/17 പറത്താനം പത്തേക്കർ റോഡ് മെയിന്റനൻസ് | 397270 | 33/16-17/ 30.3.17 | 24 എണ്ണം 24x268= 6432 രൂപ |
| 29/ 17 മുക്കുളം റോഡ് മെയിന്റനൻസ് | 95807 | 26/ 16-17/ 30.3. 17 | 6 എണ്ണം 6x268= 1608 രൂപ |

മേൽ പറഞ്ഞ പ്രവൃത്തികളിൽ, കാലി വീപ്പകളുടെ വില ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1) കാലി വീപ്പകളുടെ വില ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-2 പ്ലാപ്പള്ളി ഗവ. എൽ.പി.എസ്. അടിസ്ഥാനസൗകര്യ വികസനം- അപാകതകൾ

പ്രോജക്ട് നം. 131/17

അടങ്കൽ - 337852 രൂപ (ലോകബാങ്ക് ധനസഹായം )

ചെലവ്- 337852 രൂപ ( ബിൽ നം. 23/ 16-17/ 30.3.17 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ.

മേൽ പ്രോജക്ട് പ്രകാരം പ്ലാപ്പള്ളി ഗവ. എൽ.പി.എസ് ന് കഞ്ഞിപ്പുര നിർമ്മാണം എന്ന പ്രവൃത്തിക്കായി 337852/- രൂപ ചെലവഴിച്ചു. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയിരുന്നില്ല.

2) ചെയ്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല.

3) അളവുകൾ രേഖപ്പെടുത്തിയ എം ബുക്ക് ഫയലിൽ ചേർത്തിട്ടില്ല.

4) കഞ്ഞിപ്പുര നിർമ്മാണത്തിന്റെ ചെലവ് 337852 രൂപയായി കാഞ്ഞിരപ്പള്ളി LSGD സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മൂല്യനിർണ്ണയം നടത്തിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

5) പി.റ്റി.എ. നിർവ്വഹിച്ച പ്രവൃത്തിയ്ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിയതിന്റെ കാഷ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6) ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കുകൾ പാസ്സാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ചും ഡി.പി.സി. അംഗീകാരം ഇല്ലാത്ത പ്രവൃത്തി ഏറ്റെടുക്കുവാനുണ്ടായ സാഹചര്യം സംബന്ധിച്ചും ഓഡിറ്റിൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2 ) അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് എ. ഇ. രേഖാമൂലം അറിയിച്ചു. അപാകതകൾ പരിഹരിക്കുന്നത് വരെ 337852/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-3 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പഠനമുറി നിർമ്മാണം എന്ന പ്രോജക്ടിൽ 3 ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പഠനമുറി നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. നിർമ്മാണം പൂർത്തീകരിയ്ക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., അടങ്കൽ | ചെലവഴിച്ച തുക | നിർമ്മാണം പൂർത്തീകരിയ്ക്കാത്ത ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| എസ്0079/17<br>വികസനഫണ്ട്(എസ്.സി.പി)<br>1200,000 | 650,000 | 1)രാജു പി.കെ.<br>പുടാട്ടുകുഴിയിൽ<br>താളുങ്കൽ | 50,000 |
| --- | ---- | 2)സിജു ആർ<br>ഇട്ടിപ്പറമ്പിൽ<br>ഇളങ്കാവ് പി.ഒ | 50,000 |
| എസ്0156/17<br>വികസനഫണ്ട്(ടി.എസ്.പി)<br>300,000 | 100,00 | ഷീല പി. കെ.<br>കൊച്ചുപരയ്ക്കൽ<br>ചാത്തൻപ്ലാപ്പള്ളി | 50,000 |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 ഉറവിടമാലിന്യ സംസ്കരണം-പദ്ധതി പൂർത്തീകരിച്ചില്ല

ഗ്രാമസേവകൻ നിർവ്വഹണോദ്യോഗസ്ഥനായ ഉറവിടമാലിന്യ സംസ്കരണം (പ്രോജക്ട് നമ്പർ 128/17) പദ്ധതിയിൽ 260 ഗുണഭോക്താക്കൾക്ക് പൈപ്പ് കമ്പോസ്റ്റ് ലഭ്യമാക്കുന്നതിനുവേണ്ടി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ മുൻകൂറായി 42120/ രൂപ (ബിൽ നമ്പർ 15/16-17,29-3-17) ഒടുക്കിയിട്ടുണ്ട്. എന്നാൽ 2016-17 വർഷം പദ്ധതി പൂർത്തീകരിച്ചില്ല. ആയതിനാൽ ചെലവ് തുക 42120/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ആയുർവേദാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രോജക്ട് നം.എസ്0085/17

അടങ്കൽ -400,000(മെയിന്റനൻസ് ഫണ്ട്)

ബിൽ നം.18/16-17 തീ20.1.17 ,തുക -400,000

ആയുർവേദാശുപത്രിയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ഔഷധിയ്ക്ക് 400,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഔഷധിയിൽ നിന്നും 278,345 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 121655 രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല. മരുന്ന ലഭ്യമാകുന്നതുവരെ 121655 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ആശ്രയപദ്ധതി -ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം.എസ്.0101/17

അടങ്കൽ -100,000(വികസന ഫണ്ട്)

ബിൽ നം.37/16-17 തീ 28.3.17 തുക -100,000

4 അഗതി കുടുംബങ്ങളുടെ ഭവനപുനരുദ്ധാരണത്തിനായി 1ലക്ഷം രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തി സി.ഡി.എസിന്റെ മുണ്ടക്കയത്തുള്ള യൂണിയൻ ബാങ്കിന്റെ അക്കൌണ്ടിലേയ്ക്ക്(നം.337102010012893) ട്രാൻസ്ഫർ ചെയ്ത്

നൽകിയിരുന്നു. 3 ആശ്രയ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി 25000/രൂപ വീതം കൈപ്പറ്റിയിട്ടുണ്ട് എന്നാൽ ഉലഹന്നാൻ ,പേരകത്ത് ഏന്തയാർ എന്ന വ്യക്തി ഭവനപുനരുദ്ധാരണം പൂർത്തിയാക്കി തുക കൈപ്പറ്റിയിട്ടില്ല. തീർത്തും അശരണരായ മേൽ ഗുണഭോക്താവിന്റെ ഭവനപുനരുദ്ധാരണം സി.ഡി.എസിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കാൻ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-7 ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന നിർമ്മാണപദ്ധതി മുഖേന തുകകൾ കൈപ്പറ്റിയ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| പേര് | കൈപ്പറ്റിയ തുക | ചെക്ക് നമ്പർ/തീയതി |
|---|---|---|
| കെ.വി.മുരളീധരൻ | 22500/- | 2828/22-6-2010 |
| ഷക്കീല.കെ.എസ് | 22500/- | 3786/12-12-11 |
| ശങ്കരി നാണു | 22500/- | 2779/8-6-10 |
| വി.വി. ചെല്ലപ്പൻ | 22500/- | 3759/8-3-12 |
| കെ.എസ്.മൊയ്തീൻ | 22500/- | 3763/26-3-12 |
| സദാനന്ദൻ | 22500/-<br>30000/-<br>15000/- | 3770/29-3-12<br>3997/16-10-12<br>4328/31-1-13 |

ഭവന നിർമ്മാണത്തിന് സർക്കാർ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-8 പ്രവൃത്തിയുടെ പൂർത്തീകരണം/വിനിയോഗ വിശദാംശങ്ങളില്ല.ചെലവ് തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നിക്ഷേപ പ്രവൃത്തികളായാണ് നടത്തിയത്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയോ, തുകയുടെ വിനിയോഗത്തിന്റയോ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. ,പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ബിൽ നം.തീയതി |
|---|---|---|---|---|---|
| 1. | എസ്.എസ്.എ വിഹിതം(എസ്.സി.പി) SO119/17 | സെക്രട്ടറി | ജില്ലാപ്രോജക്ട് ഓഫീസർ,എസ്.എസ്.എ, കോട്ടയം | 75000 | ബിൽ നം.24/16-17 തീ25.2.17 |
| 2. | എസ്.എസ്.എ.വിഹിതം(ജനറൽ)SO118/17 | “ | “ | 325000 | ബിൽ നം.10/16-17 തീ 22.12.16 |
| 3. | സാമൂഹിക സുരക്ഷാമിഷന് വിഹിതം നൽകൽ SO162/17 | " | പ്രോജക്ട് ഡയറക്ടർ,സംസ്ഥാന സാമൂഹിക സുരക്ഷാമിഷൻ | 260928 | ബിൽ നം.32/16-17 തീ.25.3.17 |
| 4. | ജില്ലാആസൂത്രണസമിതി കെട്ടിട നിർമ്മാണം | " | ചെയർ പേഴ്സൺ,ജില്ലാപ്ലാനിംഗ് ഓഫീസ്,കോട്ടയം | 200,000 | ബിൽ നം.11/16-17 |

| | | | | | |
|---|---|---|---|---|---|
| | So100/16-17 | | | | തീ.22.12.2016 |
| | | | ആകെ | 860928 | |

വിനിയോഗ വിവരം ഹാജരാക്കി 8,60,928/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

കൂട്ടിക്കൽ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 119 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചതിൽ 70 എണ്ണത്തിന് സാങ്കേതികാനുമതി ലഭിച്ചു. 56 പ്രവൃത്തികൾ പൂർത്തിയാക്കി. ആകെ 40429 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | നടപ്പിലാക്കിയ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | വൃക്ഷത്തൈ നടീൽ | 10 | 278160 |
| 2 | കയ്യാല നിർമ്മാണം | 28 | 6977912 |
| 3 | നീർക്കുഴി നിർമ്മാണം | 14 | 2168672 |
| 4 | കമ്പോസ്റ്റ് കുഴി | 3 | 203496 |
| 5 | PMAY വീട് നിർമ്മാണം | 14 | 232560 |

2016-17 വർഷത്തെ വരവ് ചെലവ് സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 274 |
| വരവ് | 15029535 |
| ആകെ | 15029809 |
| ചെലവ് | 15014811 |
| നീക്കിയിരിപ്പ് | 14998 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 100000 | പാലിയേറ്റീവ് പരിചരണ പദ്ധതി | 0 | 100000 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 200000 | പാലിയേറ്റീവ് പരിചരണ പദ്ധതി | 0 | 200000 |
| ” | 700000 | ജലനിധി | 700000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 50000 | പാൽ ഇൻസെന്റീവ് | 50000 | 0 |
| സി.ഡി.പി.ഒ. ഓഫീസ് | 615588 | പോഷകാഹാര പരിപാടി | 563769 | 51819 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നംയ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സമ്പൂർണ്ണ | 21600838/ | 245216 | 0 | 245216 |

| | | | | | |
|---|---|---|---|---|---|
| | വൈദ്യുതീകരണം | 28.02.17 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസോഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് | ജി.ഒ(എ.എസ്)1546/10 എൽ.എസ് ജി.ഡി/7.5.2010 | 7050000 | 15496 | 15496 | - | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ (വാർഷിക കണക്ക പ്രകാരം)

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47871472 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42951552 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1362555 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

പഞ്ചായത്ത് ഫണ്ടിന് വ്യക്തമായ നഷ്ടം ഉണ്ടായിട്ടില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 337852 | ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-4 | 42120 | ശ്രീ.സതീഷ് കുമാർ പി.എസ്., വി.ഇ.ഒ |
| 3-5 | 121655 | ശ്രീ.സാജൻ എം.ആർ., സെക്രട്ടറി |
| 3-8 | 525000 | ശ്രീമതി സോഫിയ മാത്യു സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 3-8 | 335928 | ശ്രീ.നാസർ സി.എസ്., സെക്രട്ടറി |
| ആകെ | 1362555 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2,

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 97-98 ചെലവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | -- | |
| 97-98 വരവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | 1 | |
| 98-99 ചെലവ് | എൽ.എഫ്.കെ.പി.13/623(2)അദാലത്ത്/14/23.12.14 | 1 | |
| 98-99 വരവ് | എൽ.എഫ്.കെ.പി.9/1383/07/20.4.09/7.8.09 | | |
| 1999-00 | എൽ.എഫ്.കെ.പി.13/623(3)അദാലത്ത്/14/23.12.14 | 10 | |
| 2000-01 | എൽ.എഫ്.കെ.പി.13/623(4)അദാലത്ത്/14/22.12.14 | 9 | |
| 2001-02 | എൽ.എഫ്.കെ.പി.13/623(5)അദാലത്ത്/14/12.1.15 | 16 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി.9/812/06/23.1.07 | | |
| 2002-03 വരവ് | എൽ.എഫ്.കെ.പി.9/1384/07/6.7.09 | | |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.കെ.പി.9/1385/07/30.6.09/8.9.09 | | |
| 2004-05 | എൽ.എഫ്.കെ.പി.9/1386/07/6.7.09 | | |
| 2005-06 | എൽ.എഫ്.കെ.പി.9/346/09/10.8.10/30.8.10 | | |
| 2006-07 | എൽ.എഫ്.കെ.പി.9/574/10/13.8.10/2.9.10 | | |
| 2007-08 | എൽ.എഫ്.കെ.പി.13/1391/11/1.11.12/6.11.12 | 11 | |
| 2008-09 | എൽ.എഫ്.കെ.പി.13/1196/2012(1) | 17 | |
| 2009-10, 10-11 | എൽ.എഫ്.കെ.പി.13/758/14/10.9.14 | 14 | |
| 2011-12, 12-13 | എൽ.എഫ്.കെ.പി.13/1249/14/10.8.15 | 29 | |
| 2014-15 | കെഎസ്എ-കെടിഎം.പി.13/311/2016 | 11 | |
| 2015-16 | കെഎസ്എ-കെടിഎം.പി.13/1726/16/5.11.16 | -- | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ.കെടിഎം.പി.11/2017 /2017 തീയതി: 09.10.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016- 17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം